(ഡി) പൊള്ളാച്ചി ഡിപ്പോ പ്രവർത്തിച്ചിരുന്ന 3.20 ഹെക്ടർ ഭൂമിയിൽ പ്രവേശന റോഡിനോട് ചേർന്നുള്ള 5 സെന്റു ഭൂമിയിൽ നാഗപ്രതിഷ്ഠ വച്ച് തദ്ദേശിയർ പൂജ നടത്തിവരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നെൻമാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സബ്കളക്ടർ, പൊള്ളാച്ചി, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, പൊള്ളാച്ചി ഇവരുമായി ബന്ധപ്പെട്ട് നടപടികൾ തുടർന്നുവരുന്നു.

(ഇ) ഈ ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നകാര്യം പരിഗണനയിലാണ്.

വനഭൂമി കയ്യേറ്റം

114 [397] ശ്രീ. എ. സുജനപാൽ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, പ്രയാർ ഗോപാലകൃഷ്ണൻ :
,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1977 ജനുവരി 1-ന് ശേഷം സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടെന്നും എവിടെയെല്ലാമാണ് വലിയതോതിൽ കയ്യേറ്റമുണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) 1-1-1977-നു ശേഷം വനഭൂമിയിൽ കയ്യേറ്റം നടത്തിയ എത്രപേരെ ഒഴിപ്പിച്ചു; ബാക്കിയുള്ളവരെ ഒഴിപ്പിക്കാത്തതിന് കാരണമെന്താണെന്ന് പറയുമോ;

(സി) ഇനിയും ഒഴിപ്പിക്കാൻ ബാക്കിയുള്ളവരിൽ എത്രപേർ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിയാതിരിക്കുന്നുവെന്നു പറയാമോ?

ഉത്തരം

(എ) 1977 ജനുവരി 1-നു ശേഷം സംസ്ഥാനത്ത് 11917.8952 ഹെക്ടർ വനഭൂമിയിൽ കയ്യേറ്റമുണ്ടായതായി കണക്കാക്കിയിരിക്കുന്നു.

(ബി) 1-1-1977-നു ശേഷം വനഭൂമിയിൽ കയ്യേറ്റം നടത്തിയ 5029 പേരെ ഒഴിപ്പിച്ചിട്ടുണ്ട്. കയ്യേറ്റക്കാർ കയ്യേറ്റം ഒഴിപ്പിക്കുന്നത് തടസ്സപ്പെടുത്തുകയും ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനാൽ ചില സ്ഥലങ്ങളിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള വനംവകുപ്പിന്റെ നടപടികൾ ഫലവത്താകുന്നില്ല. ചില കോടതി ഉത്തരവുകളും ഇതിനു തടസ്സമാകുന്നുണ്ട്. എന്നാൽ അനധികൃത കയ്യേറ്റങ്ങൾ എല്ലാം ഒഴിപ്പിക്കുന്നതിനും വനഭൂമി വീണ്ടെടുക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly